"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസം - സംസ്ഥാനത്ത് നിലവിലെ ഉഷ്ണതരംഗം കണക്കിലെടുത്ത് ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകിയും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും ഉത്തരവാകുന്നു.

---

**ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.509/2024/HEDN തീയതി,തിരുവനന്തപുരം, 02-05-2024

---

**ഉത്തരവ്**

സംസ്ഥാനത്തെ നിലവിലെ ഉഷ്ണതരംഗം കണക്കിലെടുത്ത് ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മേയ് 6 വരെ അവധി പ്രഖ്യാപിച്ച് ഉത്തരവാകുന്നു. ഈ ദിവസങ്ങളിൽ വകുപ്പിന് കീഴിലെ ടെക്നിക്കൽ സ്കൂൾ വിദ്യാർഥികൾക്കുള്ള വേനൽകാല ക്ലാസുകൾ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. NCC, NSS തുടങ്ങിയവയുടെ പകൽ സമയത്തെ പരിശിലനം, പരേഡ്, ഡ്രിൽ മുതലായവ ഒഴിവാക്കേണ്ടതുമാണ്. എന്നാൽ മുൻ നിശ്ചയിച്ച പ്രകാരമുള്ള പരീക്ഷകൾക്ക് മാറ്റമുണ്ടായിരിക്കുന്നതല്ല. ഉഷ്ണതരംഗം തുടരുന്ന സാഹചര്യത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പരീക്ഷാ ഹാളുകളിലും വിദ്യാർത്ഥികൾക്ക് ശുദ്ധമായ കുടിവെള്ളവും, ക്ലാസ് മുറികളിൽ വായു സഞ്ചാരവും ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സിന്ധു പി.കെ

അഡിഷണൽ സെക്രട്ടറി

പകർപ്പ് :-

(1) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

(2) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

(3) എല്ലാ സർവ്വകലാശാലാ രജിസ്ട്രാർമാർക്കും.

(4) ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ബന്ധപ്പെട്ട എല്ലാ വിദ്യാഭ്യാസ സ്ഥാപന മേധാവികൾക്കും.

(5) കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്